ഉത്തരം

(എ) 1986-87 വർഷത്തിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ലഭിച്ച ലാഭം 1,53,74,664.73 രൂപ (ഒരുകോടി അൻപത്തിമൂന്നു ലക്ഷത്തി എഴുപത്തി നാലായിരത്തി അറുനൂറ്റി അറുപത്തിനാലു രൂപ എഴുപത്തിമൂന്നു പൈസ).

(ബി) ഓരോ ഡ്രോയിലും ലഭിച്ച തുകയും ലാഭവും താഴെ ചേർക്കുന്നു :—

ലോട്ടറി നമ്പർ	ലഭിച്ച തുക രൂപ	ലാഭം രൂപ	നഷ്ടം രൂപ
240	13,79,418.28	..	10,40,195.27
241 242	റദ്ദു ചെയ്തു		
243	30,16,098.00	3,67,129.00	..
244	41,83,926.00	13,43,534.00	..
245	43,70,526.00	14,04,203.00	..
246	46,62,784.00	15,66,148.00	..
247	50,02,700.00	17,77,988.00	..
248	46,06,063.00	15,72,905.00	..
249	50,02,390.80	17,30,450.00	..
250	1,68,04,494.30	64,52,503.00	..
	4,90,28,400.38	1,64,14,860.00	10,40,195.27

പിറവത്ത് കേരള ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ ഒരു ഓഫീസ്

649. [872] ശ്രീ. ബന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവത്ത് കേരള ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ ഒരു ഓഫീസ് തുടങ്ങണമെന്ന ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എന്നു തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly